27734
30/12/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- കേരളത്തിൽ നിന്നുമുള്ള വേളാങ്കണ്ണി തീർത്ഥാടകർ സഞ്ചരിച്ച വാഹനം അപകടത്തിൽപെട്ട് പരിക്കേറ്റവർക്ക് ചികിത്സാ ചെലവ് അനുവദിച്ച നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**സ.ഉ.(സാധാ) നം. 5562/ 2017/റവ.** തിരുവനന്തപുരം . തീയതി- 23 /12/2017

പരാമർശം- : 1) 18/01/2016-ലെ സ.ഉ.(കൈ) നം.34/16/റവ

2) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06/11/2017-ലെ എ 5-4120/16 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിൽ നിന്നുമുള്ള വേളാങ്കണ്ണി തീർത്ഥാടകർ സഞ്ചരിച്ച വാഹനം 08/01/2016-ന് അപകടത്തിൽപെട്ടതിനെ തുടർന്ന് മരണമടഞ്ഞ അഞ്ച് പേരുടെ കുടുംബങ്ങൾക്ക് 200000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വീതം നൽകുന്നതിനും പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതിനും പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് പരിക്കേറ്റവർക്ക് ചികിത്സയ്ക്ക് ചെലവായ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് അനുവദിക്കേണ്ട ബിൽ തുകയും കക്ഷികൾക്ക് അനുവദിക്കേണ്ട തുകയും ഉൾപ്പെടെ ആകെ 5,19,989/- രൂപയുടെ ( അഞ്ച് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തിയൊൻപത് രൂപ മാത്രം) ബില്ലുകൾ ജില്ലാമെഡിക്കൽ ഓഫീസർ സൂക്ഷ്മപരിശോധന നടത്തി ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി തുക പാസ്സാക്കി നൽകുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം ( 2 ) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

3.സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കേരളത്തിൽ നിന്നുമുള്ള വേളാങ്കണ്ണി തീർത്ഥാടകർ സഞ്ചരിച്ച വാഹനം അപകടത്തിൽപെട്ടതിനെ തുടർന്ന് ചികിത്സയുടെ ഇനത്തിൽ താഴെ പറയുന്ന ആശുപത്രികൾക്ക് ചെലവായതും കക്ഷികൾ ആശുപത്രിക്ക് നൽകിയതുമുൾപ്പെടെ, ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ 5,19,989/- രൂപ ( അഞ്ച് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തിയൊൻപത് രൂപ മാത്രം) യുടെ ബില്ലുകൾ പാസ്സാക്കി തുക നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

**1. ശ്രീ.രാജു അവറാച്ചൻ**

കക്ഷിക്ക് അനുവദിക്കേണ്ട തുക - 2,58,931/- രൂപ

അനന്തപുരി ഹോസ്പിറ്റലിന് അനുവദിക്കേണ്ട തുക - 2,40,360/-രൂപ

**2. ശ്രീമതി ജിനി രാജു**

കക്ഷിക്ക് അനുവദിക്കേണ്ട തുക 11,438/- രൂപ

**3. ശ്രീ. അരുൺ ജയിംസ്**

കക്ഷിക്ക് അനുവദിക്കേണ്ട തുക - 1950/- രൂപ

ജൂബിലി ഹോസ്പിറ്റലിന് അനുവദിക്കേണ്ട തുക - 6,653/-രൂപ

## 4. ശ്രീമതി ടീസാ ബെയിസിൽ

കക്ഷിക്ക് അനുവദിക്കേണ്ട തുക - 657/-രൂപ

**ആകെ അനുവദിക്കേണ്ട തുക 5,19,989/- രൂപ**

============

4.. വിതരണാവശ്യത്തിന് വേണ്ടി വരുന്ന 5,19,989/- രൂപ ( അഞ്ച് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തിയൊൻപത് രൂപ മാത്രം) 2075-00-800-40 contribution of Cheif Ministier's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **തിരുവനന്തപുരം ജില്ലാകളക്ടർക്ക്** അനുവദിക്കേണ്ടതും ജില്ലാകളക്ടർ ടി തുക അടിയന്തിരമായി ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്ത് വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബി.എസ് പാവനകുമാരി

സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sd/- A.S.

സെക്ഷൻ ഓഫീസർ